


സുഹൈറലി തിരുവിഴാംകുന്ന്

zuhairalik@gmail.com

കുടുംബ ബന്ധങ്ങളെ കോർത്തിണക്കാൻ കഴിയുന്ന ഒരു ആപ്ലിക്കേഷനാണ് **മൈ ഹെരിറ്റേജ്.** യൂസർ നെയിമും പേരും ഇമെയിൽ വിലാസവും മാതാപിതാക്കളുടെ പേരും നൽകി ഫാമിലി ട്രീ ആരംഭിക്കാനാവും.

# 'ആപ്പ്' ലോകത്തെ കുടുംബവിശേഷങ്ങൾ

വിദൂരതയിലുള്ള പ്രിയതമനോ പ്രിയതമക്കോ മക്കൾക്കോ മാതാപിതാക്കൾക്കോ കത്തിലൂടെ പകർന്നിരുന്ന ആ സ്നേഹപ്പൂക്കൾ പലപ്പോഴും വാടിപ്പോയിരിക്കുന്നു. എന്നാൽ ഏറ്റവും മികച്ച രീതിയിൽ നമ്മുടെ സാങ്കേതിക വിദ്യയിലൂടെ തന്നെ അകലെയുള്ള കുടുംബങ്ങളെ പോലും കണ്ടെത്താനും ബന്ധങ്ങൾ മുറിയാതെ കൊണ്ടുപോവാനുമുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ കുടുംബ-സുഹൃദ് ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും പുതിയ കാലത്തെ സങ്കേതങ്ങൾ കൊണ്ടായിട്ടുണ്ട്. കുടുംബ ബന്ധങ്ങളുടെ പവിത്രത കാത്തു സൂക്ഷിക്കാൻ ഇ-ലോകവും സജ്ജമാണ്.

കുടുംബ ബന്ധങ്ങളെ കോർത്തിണക്കാൻ കഴിയുന്ന ഒരു ആപ്ലിക്കേഷനാണ് മൈ ഹെരിറ്റേജ് (myheritage.com) സൈറ്റിൽ സൈൻ അപ്പ് ചെയ്ത് കയറിയാൽ ക്രിയേറ്റ് മൈ ഫാമിലി ട്രീ എന്നു കാണും. ഇവിടെ യൂസർ നെയിമും പേരും ഇമെയിൽ വിലാസവും മാതാപിതാക്കളുടെ പേരും നൽകി ഫാമിലി ട്രീ ആരംഭിക്കാനാവും. കുടുംബത്തിന്റെ പേര് നൽകി ഫാമിലി ട്രീ നിർമിക്കാം. ആദ്യം സ്വന്തം പേരിൽ പ്രൊഫൈൽ നിർമിച്ച് താഴെ കാണുന്ന പ്രസ് ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് കുടുംബ കണ്ണികൾ വിപുലീകരിക്കാം. എല്ലാ ബന്ധുക്കളുടെയും പേരും ചിത്രവും മുഴുവൻ വിവരങ്ങളും ചേർക്കാം. ഇതിൽ പ്രപിതാക്കന്മാർ, മാതാപിതാക്കൾ, സഹോദരൻമാർ, സഹോദരിമാർ, ഭാര്യ-സന്താനങ്ങൾ, പേരമക്കൾ എന്നിങ്ങനെ കണ്ണികൾ ചേർക്കാം. ഈ ട്രീയുടെ ലിങ്ക് ഈ-മെയിൽ വഴി കുടുംബാംഗങ്ങൾക്ക് അയച്ചു കൊടുത്താൽ അവരുമായി ബന്ധപ്പെട്ടവരുടെ വിശദാംശങ്ങൾ ചേർക്കാം. കുടുംബ വിവരങ്ങളും വാർത്തകളും പരിപാടികളും അറിയിക്കാം. കുടുംബാംഗങ്ങളെ കുറിച്ച് വിവിധ രീതിയിൽ പഠിക്കാനും തരം തിരിച്ച് കാര്യങ്ങൾ മനസ്സിലാക്കാനും സൈറ്റിൽ സംവിധാനമുണ്ട്. വിശാലമായ അർഥത്തിൽ ഒരു കുടുംബയോഗമൊക്കെ വിളിച്ചു ചേർക്കണമെന്നുള്ളവർക്ക് ഇത്തരമൊരു ഫാമിലി ട്രീ ആദ്യം നിർമ്മിക്കാം.




ഫാമിലി ട്രീ ബിൽഡർ എന്ന പേരിൽ സോഫ്ട് വെയർ ഡൗൺലോഡ് ചെയ്താൽ ഓഫ്ലൈനായി ഡാറ്റ ചേർക്കാനും ഉപയോഗിക്കാനുമാവും. പുതിയ തലമുറയുടെ സഹചാരിയായ ആൻഡ്രോയ്ഡ് സെറ്റുകളിൽ കുറച്ചു കൂടി സുഗമമായി ഇതുപയോഗിക്കാം. പ്ലേ സ്റ്റോറിൽ നിന്ന് myheritage സെർച്ച് ചെയ്ത് ചിത്രത്തിൽ കാണുന്ന ലോഗോയുള്ള ആപ്പാണ് തെരഞ്ഞെടുക്കേണ്ടത്. കുടുംബങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചേർക്കാനും എഡിറ്റ് ചെയ്യാനും ഫോട്ടോകളും വിശേഷങ്ങളും കൈമാറാനും ഇതിലൂടെ എളുപ്പം സാധിക്കുന്നു. ■

Vol. No: 70 Issue No. 28 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla